പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8285 17.07.2014 ലെ മറുപടിയ്ക്ക്

## ടൂറിസം കോഴ്സുകൾ

| ചോദ്യം<br>ശ്രീമതി. പി.അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ടൂറിസം കോഴ്സുകൾ നടത്തുന്ന സർക്കാർ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;<br>കോഴ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | എ) | സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ടൂറിസം കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)<br>2. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ)<br>3. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം)<br>കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ്) കേരള സർവ്വകലാശാലയുടെ അംഗീകാരത്തോടെ 2 വർഷം ദൈർഘ്യമുള്ള എം.ബി.എ. (ട്രാവൽ & ടൂറിസം) കോഴ്സുകൾ നടത്തുന്നുണ്ട്. ഇതിനു പുറമെ 6 മാസം ദൈർഘ്യമുള്ള ഡിപ്ലോമോ ഇൻ ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, ഒരു വർഷം ദൈർഘ്യമുള്ള പി.ജി.ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് ഇൻ ടൂറിസം എന്നീ കോഴ്സുകളും നടത്തുന്നുണ്ട്. മേൽപ്പറഞ്ഞ കോഴ്സുകൾ കിറ്റ്സ് നേരിട്ടാണ് നടത്തുന്നത്. എസ്.ഐ.എച്ച്.എം., എഫ്.സി.ഐ. എന്നിവ ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് എന്നീ കോഴ്സുകളാണ് നടത്തുന്നത്. |
| ബി) | ടൂറിസം കോഴ്സുകളുടെ നിലവാരം ഉയർത്തുന്നതിനും സിലബസ് പരിഷ്കരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | ബി) | കേരള സർവ്വകലാശാലയുടെ അംഗീകാരത്തോടെ കിറ്റ്സ് നടത്തുന്ന എം.ബി.എ. (ടൂറിസം & ട്രാവൽ) കോഴ്സിന്റെ സിലബസ് ഈ വർഷം പരിഷ്കരിക്കുകയുണ്ടായി. കിറ്റ്സ് നടത്തുന്ന മറ്റ് കോഴ്സുകൾ ടൂറിസം ഇൻഡസ്ട്രിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അനുസരിച്ച് കാലാകാലങ്ങളിൽ പരിഷ്കരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ